(സി) പ്രതിപക്ഷ നേതാവിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായ ശ്രീ. ഗോപാലകൃഷ്ണൻ ആശാരി നൽകിയ പ്ലെയിമാണ്. 20-8-1990 ലെ ജി.ഒ.(പി.) 163/90/ എച്ച് ആന്റ് എഫ് ഡബ്ല്യൂ ഡി എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ അനുസരിച്ച് നിരസിച്ചത്.

(ഡി) നിലവിലുള്ള നിയമങ്ങളനുസരിച്ച് പ്ലെയിം അനുവദനീയമല്ലായിരുന്നു. അതുകൊണ്ട് വിശദീകരണം തേടിയില്ല.

(ഇ) സർക്കാർ തലത്തിലാണ് അപേക്ഷയിൽ തീരുമാനമെടുത്തത്.

ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് നിയന്ത്രണം

22(22) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉദ്യോഗസ്ഥരുടെ വിദേശയാത്ര നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് കർശനമായി നിർദ്ദേശം നൽകുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒന്നിലധികം വിദേശയാത്ര നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവരുടെ യാത്രയുടെ വിവരവും അതിനുവേണ്ടിവന്ന ചെലവും എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1-1-2000-ലെ സ.ഉ.(പി) നമ്പർ: 6/2000/ ധന.പ്രകാരം സംസ്ഥാന ഉദ്യോഗസ്ഥരുടെ വിദേശയാത്ര കർശനമായി നിരോധിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകാവുന്നതാണ്.

മന്ത്രിമാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് ചെലവായ തുക

23(23) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ ഇതുവരെ എന്തു തുക വീതം കൈപ്പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ കൈപ്പറ്റിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

		രൂപ
1.	ശ്രീ. ഇ. കെ. നായനാർ (ബഹു: മുഖ്യമന്ത്രി)	58495
2.	ശ്രീമതി സുശീലാ ഗോപാലൻ (ബഹു: വ്യവസായ വകുപ്പുമന്ത്രി)	105231
3.	ശ്രീ. ടി. ശിവദാസമേനോൻ (ബഹു: ധനകാര്യ വകുപ്പുമന്ത്രി)	211013
4.	ശ്രീ. റ്റി. കെ. രാമകൃഷ്ണൻ (ബഹു: ഫിഷറീസ്/ഗ്രാമ വികസന വകുപ്പുമന്ത്രി)	137079
5.	ശ്രീ. കെ. രാധാകൃഷ്ണൻ (ബഹു: പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി)	28007
6.	ശ്രീ. ബേബി ജോൺ (മുൻ തൊഴിൽ/ ജലസേചന വകുപ്പുമന്ത്രി)	835840
7.	ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ (ബഹു: ഭക്ഷ്യ, വകുപ്പുമന്ത്രി)	24874
8.	ശ്രീ. വി. പി. രാമകൃഷ്ണപിള്ള (ബഹു: തൊഴിൽ/ജലസേചന വകുപ്പുമന്ത്രി)	23361
9.	ശ്രീ. പി. ആർ. കുറുപ്പ് (മുൻ വനം/ ഗതാഗത വകുപ്പുമന്ത്രി)	38318
10.	ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ ആരോഗ്യ വകുപ്പുമന്ത്രി)	5942
11.	ശ്രീ. എ. നീലലോഹിതദാസൻ നാടാർ (മുൻ വനം/ഗതാഗത വകുപ്പുമന്ത്രി)	7038

മന്ത്രിമാരുടെ ഔദ്യോഗികവസതി മോടിപ്പിടിപ്പിക്കുന്നതിന് നേരിട്ട ചെലവ്

24(24) ശ്രീ. കെ സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയുടെയും ഔദ്യോഗിക വസതി മോടിപ്പിടിപ്പിക്കുന്നതിന് ഇതുവരെ എന്തുതുക വീതം ചെലവ് വന്നിട്ടുണ്ട് ;

(ബി) ഓരോ മന്ത്രി മന്ദിരത്തിന്റെയും പരിസരങ്ങളിൽ ഉള്ള പൂന്തോട്ടത്തിന്റെ പരിരക്ഷയ്ക്കു വേണ്ടി ഇതുവരെ എന്തുതുക ചെലവായിട്ടുണ്ട് ;

(സി) ഓരോ മന്ത്രി മന്ദിരങ്ങളുടെയും കോംപൗണ്ട് മെച്ചപ്പെടുത്തുന്നതിന് ഇതുവരെ എന്തുതുക വീതം ചെലവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly